ദൈവാലയത്തിലെ തിരശ്ശീല

കുരിശിൽ നുറുക്കപ്പെട്ട യേശു ക്രിസ്തുവിന്റെ ശരീരത്തിന്റെ പ്രതിരൂപമാണ് ദൈവാലയത്തിലെ തിരശ്ശീല. ഗോഗുൽത്തായിലെ കുരിശിൽ ബലിയർപ്പിക്കപ്പെട്ട ക്രിസ്തുവിന്റെ തകർന്ന ശരീരത്തെ മറ സൂചിപ്പിക്കുന്നു. *തന്റെ ശരീരമാകുന്ന വിരിയിലൂടെ അവൻ നമുക്കായി നവീനവും സജീവവുമായ ഒരു പാത തുറന്നുതന്നിരിക്കുന്നു* (ഹെബ്രാ 10:20). ദൈവസന്നിധിയിലേക്കു നമ്മൾ പ്രവേശിക്കുന്നത് യേശുവിന്റെ ശരീരമാകുന്ന മറയിലൂടെയാണ്. യേശുവിന്റെ ശരീരം അവിടുത്തെ ദൈവത്വത്തെ മറച്ചുവച്ചു. കുരിശിൽ അവിടുത്തെ ശരീരം മുറിക്കപ്പെട്ടപ്പോഴാണ് മനുഷ്യർ യഥാർത്ഥത്തിൽ ദൈവത്തെ കണ്ടത്. ദൈവസ്നേഹത്തിന്റെ പൂർണ്ണത മനുഷ്യൻ ദർശിച്ചത് ക്രിസ്തുവിന്റെ ശരീരമാകുന്ന മറ തകർന്നപ്പോഴാണ്. അതുവഴി ക്രിസ്തു നമുക്കുവേണ്ടി ദൈവത്തിങ്കലേക്ക് സജീവമായ പാത വെട്ടിയൊരുക്കി.

ദൈവത്തിനും മനുഷ്യനും മദ്ധ്യേനിന്ന് (1 തിമോ 2:5) പൗരോഹിത്യ മാദ്ധ്യസ്ഥം വഹിക്കുന്ന മിശിഹായെയാണ് ഈ മറ സൂചിപ്പിക്കുന്നത്. നമുക്കു ദൈവസന്നിധിയിലേക്കുള്ള സാമിപ്യത്തെ (എഫേ 2:18) അനുവദിക്കുന്ന വാതിൽ (യോഹ 10:7,9; 14:6) കുരിശിൽ സ്വയം ബലിയായിത്തീർന്ന (ഹെബ്രാ 9:14) ക്രിസ്തുവാണെന്ന് തൂങ്ങിക്കിടക്കുന്ന മറ വിളിച്ചുപറയുന്നു. തിരശ്ശീല ദൈവവും മനുഷ്യനും തമ്മിലുള്ള രഹസ്യാത്മക ബന്ധത്തെ സൂചിപ്പിക്കുന്നു. ക്രിസ്തു തന്റെ ശരീരത്തിൽ ദൈവികരഹസ്യത്തെ മറച്ചുവയ്ക്കുകയും വെളിപ്പെടുത്തുകയും ചെയ്തതുപോലെ തിരശ്ശീല വി.കുർബാനയുടെ രഹസ്യത്തെ മറച്ചുവയ്ക്കുകയും വെളിപ്പെടുത്തുകയും ചെയ്യുന്നു.

ന്യായപ്രമാണപ്രകാരം വിശുദ്ധസ്ഥലവും മഹാവിശുദ്ധസ്ഥലവും വേർതിരിച്ചു കാണിക്കുന്നതായിരുന്നു തിരശ്ശീല (പുറ 26:31-37; 2 ദിനവൃ 3:14; ലേവ്യ 16:2; ഹെബ്രാ 9:3). തിരശ്ശീലയ്ക്കപ്പുറത്ത് മഹാപുരോഹിതനായ ക്രിസ്തു മനുഷ്യവർഗ്ഗത്തിനുവേണ്ടി മദ്ധ്യസ്ഥബലി നിർവ്വഹിക്കുന്നതുപോലെ (ഹെബ്രാ 4:14; 10:24) തിരശ്ശീലയ്ക്കപ്പുറത്ത് മദ്ബഹായിൽ തിരുസഭയിലെ വൈദികർ വിശ്വാസികൾക്കുവേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നു. ദൈവജനം ഭൂമിയെ സൂചിപ്പിക്കുന്ന ഹൈക്കലായിലും ക്രിസ്തുവിന്റെ സ്ഥാനപതികളായ ആചാര്യന്മാർ തിരശ്ശീലയ്ക്കുള്ളിൽ സ്വർഗത്തെ സൂചിപ്പിക്കുന്ന മദ്ബഹായിലും നിന്നുകൊണ്ട് ദൈവാരാധന നടത്തുന്നു. തിരശ്ശീലയ്ക്കുള്ളിൽ നിന്നുകൊണ്ട് പുരോഹിതൻ സ്വർഗവാസികളെ ക്ഷണിച്ചുവരുത്തുന്നു. പിന്നീട് മറനീക്കി ഭൂവാസികളെ അവരോട് ഒന്നിച്ചുചേർത്ത് ഇരുകൂട്ടരുംകൂടി ദൈവാരാധന നടത്തുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഹൈക്കലായിൽനിൽക്കുന്ന ആരാധകരായ ഭൂവാസികളെ വി. കുർബാനയാകുന്ന ദിവ്യാരാധനയിലൂടെ സ്വർഗ്ഗവാസികളാക്കുന്നു.

അരൂപിയായ ദൈവം നമ്മുടെ ദൃശ്യനേത്രങ്ങൾക്ക് അദൃശ്യനാണ്. വിശ്വാസക്കണ്ണാൽ മാത്രം നാം ദൈവത്തെ കാണുന്നു. ദൈവത്തിന്റെ നിത്യമായ ആസ്തിക്യത്തെയും അദൃശ്യാവസ്തയെയും സൂചിപ്പിക്കുന്ന പ്രതിരൂപമാണ് തിരശ്ശീല. പാപാന്ധകാരമാകുന്ന നമ്മുടെ പുറംമൂടി ദൈവം നീക്കാതിരുന്നാൽ, ദൈവികരഹസ്യങ്ങൾ മൂടപ്പെട്ടുതന്നെ കിടക്കുമെന്ന് തിരശ്ശീല സൂചിപ്പിക്കുന്നു. ആദാമ്യപാപം നിമിത്തം മനുഷ്യജാതി പറുദീസായിൽനിന്ന് പുറത്താക്കപ്പെട്ടു (ഉൽപ 3:23). ഈ പുറത്താക്കലിനെയും മറ അനുസ്മരിപ്പിക്കുന്നു. വിശുദ്ധിതന്നെയായ ദൈവത്തെ സമീപിക്കുന്ന എല്ലാവരും നീതീകരണം പ്രാപിച്ച് വിശുദ്ധിയുള്ളവരാകണമെന്ന് മറ ഓർമ്മിപ്പിക്കുന്നു.

സ്വർഗീയ യാഥാർത്ഥ്യങ്ങളുടെ സ്വഭാവം നമ്മിൽ നിന്ന് മറഞ്ഞിരിക്കുന്നു. സഭയുടെ ആരാധനാനുഭവത്തിലൂടെയാണ് അത് നമുക്കു വെളിപ്പെടുത്തപ്പെടുന്നത്. ആരാധനയുടെ ഈ പ്രത്യേക സ്വഭാവത്തെ മറ നമുക്കു അനുഭവവേദ്യമാക്കുന്നു. രണ്ടുതരത്തിലുള്ള സമയമുണ്ട്: സമാന്തരമായ (horizontal) സമയവും ലംബമാനമായ (vertical) സമയവും. ഒന്നിനു പിറകെ ഒന്നായി ക്രമാനുഗതമായ സംഭവങ്ങളുടെ ഒരു നിരയാണ് നാം സാധാരണയായി അറിയുന്ന സമയം. അതാണ് സമാന്തരമായ സമയം. ലംബമാനമായ സമയത്തിന് മുമ്പും പിമ്പുമില്ല. അത് ദൈവത്തിന്റെ സമയമാണ്. ദൈവത്തിന് നിത്യമായ ഇപ്പോൾ (permanent now) മാത്രമേയുള്ളു. ഈ അർത്ഥത്തിലാണ് വി.പത്രോസ്ശ്ലീഹാ ലേഖനത്തിൽ പറയുന്നത്: *കർത്താവിന്റെ മുമ്പിൽ ഒരു ദിവസം ആയിരം വർഷങ്ങൾ പോലെയുംആയിരം വർഷങ്ങൾ ഒരുദിവസം പോലെയുമാണ് എന്ന കാര്യം നിങ്ങൾ വിസ്മരിക്കരുത്* (2 പത്രോ 3:8; സങ്കീ 90:4). ഇതിനെയാണ് ലംബമാനമായ സമയമെന്നു പറയുന്നത്. രണ്ടുതരത്തിലുള്ള ഈ സമയങ്ങൾ സംഗമിക്കുന്ന ബിന്ദുവാണ് ആരാധനയുടെ സമയം. പള്ളിയിലെ മറ സമയത്തിന്റെ ആരാധനക്രമപരമായ മാനത്തിന്റെ പ്രതീകമാണ്. മറ മാറ്റപ്പെടുമ്പോൾ ചരിത്രത്തിന്റെ കവാടങ്ങൾ അടയ്ക്കപ്പെടുകയും സ്വർഗീയകവാടങ്ങൾ തുറക്കപ്പെടുകയും ചെയ്യുന്നു.